## ചോദ്യോത്തരം
### മുജീബ്

# ഖുർആന്റെയും സുന്നത്തിന്റെയും കുത്തകക്കാർ

■ *“മുജാഹിദ് പ്രസ്ഥാനത്തിന്റെയും ജമാഅത്തെ ഇസ്‌ലാമിയുടെയും നയവും വീക്ഷണവും കർമശാസ്ത്ര രംഗത്തെന്നല്ല പൊതുവെ എല്ലാ വിഷയത്തിലും വ്യത്യസ്തമാണ്. ഖുർആനോടും സുന്നത്തിനോടും പ്രതിബദ്ധത പുലർത്തുന്ന ഏക പ്രസ്ഥാനം സലഫീ പ്രസ്ഥാനമാണ്. എന്നാൽ ബുദ്ധിക്കും യുക്തിക്കും പ്രാദേശികതക്കും ഭൂരിപക്ഷ അഭിപ്രായത്തിനും പ്രഥമ സ്ഥാനം നൽകുന്നവരാണ് ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാനികളും. സാമുദായികതയാണ് അവരുടെ മുഖ്യ അജണ്ട. ഞങ്ങളിൽ ബഹായികളും ബറേൽവികളും ഉണ്ടെന്നാണ് മൗദൂദിസ്റ്റുകളുടെ കൃതികളിൽ അവകാശപ്പെടുന്നത്!?” (‘ജമാഅത്തെ ഇസ്‌ലാമിയും കർമശാസ്ത്ര ഭിന്നതകളും’ എന്ന വിശകലനത്തിൽനിന്ന്. ഇസ്‌ലാഹ് മാസിക ജൂൺ 2008). മുജീബിന്റെ പ്രതികരണം?*

*പ്രിൻസാർ മുക്കം*

**തൗ**ഹീദിലേക്ക് ക്ഷണിക്കാനും ശിർക്ക്-ബിദ്അത്തുകളെ എതിർക്കാനും ഖുർആനെയും സുന്നത്തിനെയും പ്രമാണങ്ങളാക്കി നിലവിൽ വന്ന സലഫീ പ്രസ്ഥാനമാണ് തങ്ങളുടേത് എന്നാണ് കേരളത്തിലെ മുജാഹിദുകൾ അവകാശപ്പെടാറ്. എന്നാൽ തൗഹീദിനെ ആരാധനാകർമങ്ങളിലൊതുക്കുകയും ശിർക്ക്-ബിദ്അത്തുകളുടെ പട്ടിക തത്ത്വരഹിതമായി വലിച്ചുനീട്ടുകയും മദ്ഹബുകളെ നിരാകരിക്കുകയും ചെയ്യുകവഴി യഥാർഥ സലഫികളുടെ മാർഗത്തിൽനിന്നവർ വ്യതിചലിച്ചു. ജീവിതത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക മേഖലകളെ ഇസ്‌ലാമികാധ്യാപനങ്ങളിൽനിന്ന് മുക്തമാക്കുന്ന ആത്യന്തിക മതേതരത്വത്തോടു അവർ സമരസപ്പെട്ടു. തന്മൂലം മനുഷ്യനിർമിത ഭൗതിക പ്രത്യയശാസ്ത്രങ്ങളാൽ നയിക്കപ്പെടുന്ന കേവല രാഷ്ട്രീയ പാർട്ടികളുടെ പ്രചാരകരും പ്രവർത്തകരുമാവാൻ മുജാഹിദുകൾക്ക് തടസ്സമില്ലെന്ന് വന്നു. അതേസമയം മത-രാഷ്ട്രീയ-സാമൂഹിക -സ്വകാര്യ ജീവിതരംഗങ്ങളിലൊക്കെയും ദീനിനെ സംസ്ഥാപിക്കാൻ പ്രവാചക മാതൃകയിൽ നിലവിൽവന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളോട് കടുത്ത ശത്രുതാപരമായ സമീപനവും അവർ സ്വീകരിച്ചു. ശത്രു സംഹാരത്തിനിറങ്ങുമ്പോൾ അസത്യങ്ങളും അർധസത്യങ്ങളും പ്രചാരണായുധമാക്കാൻ മടിയുണ്ടായില്ല. അതിന്റെ ഉദാഹരണമാണ് ചോദ്യത്തിലെ ഉദ്ധരണി. കലിമത്തുത്തൗഹീദ് ആദർശവും ഇഖാമത്തുദ്ദീൻ ലക്ഷ്യവുമായി അംഗീകരിച്ച ജമാഅത്തെ ഇസ്‌ലാമിയുടെ ഭരണഘടനയിൽ സംഘടനയുടെ പ്രവർത്തന മാർഗം വ്യക്തമാക്കുന്നതിങ്ങനെ:

ഖണ്ഡിക 5: ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തന മാർഗം താഴെ വിവരിക്കും പ്രകാരമായിരിക്കും:

1. ഖുർആനും സുന്നത്തും ജമാഅത്തിന്റെ പ്രവർത്തന അസ്തിവാരമായിരിക്കും. മറ്റുള്ളവയെല്ലാം രണ്ടാം പടിയിലും, ഖുർആനും സുന്നത്തും അനുസരിച്ച് പഴുതുള്ളേടത്തോളവും മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.

ഇനി ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ നിലപാട് അതിന്റെ സ്ഥാപക നേതാവ് ശഹീദ് ഹസനുൽ ബന്നാ(റ) വ്യക്തമാക്കുന്നത് ഇപ്രകാരം: അല്ലാഹുവാണ് നമ്മുടെ ലക്ഷ്യം. റസൂലാണ് നമ്മുടെ നായകൻ. ഖുർആനാണ് നമ്മുടെ ഭരണഘടന. ജിഹാദാണ് നമ്മുടെ മാർഗം. അല്ലാഹുവിന്റെ മാർഗത്തിലുള്ള മരണമാണ് നമ്മുടെ ഏറ്റവും വലിയ മോഹം.

അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള പ്രബോധനം യുക്തിപൂർവമായിരിക്കണമെന്നത് ഖുർആന്റെ അധ്യാപനമാണ്. യുക്തിരഹിതമായ പ്രബോധനം മുജാഹിദുകൾക്ക് ചേരുമായിരിക്കും; ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് പറ്റില്ല. പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യങ്ങൾക്ക് തന്നെയാണ് മുൻഗണന. അതിനാലാണ് മുഹമ്മദ് നബി(സ) താൻ ജീവിച്ച മക്കക്കും മദീനക്കും പ്രഥമ പ്രാധാന്യം നൽകിയത്. അത് പ്രാദേശികത്വമല്ല. ഭിന്നാഭിപ്രായങ്ങൾ ഉടലെടുത്താൽ ഭൂരിപക്ഷാഭിപ്രായത്തിന് മുൻഗണന നൽകിയത് മുഹമ്മദ് നബി(സ) തന്നെയാണ്. സ്വാഭിപ്രായം പോലും ചിലപ്പോൾ നബി(സ) ശിഷ്യന്മാരുടെ ഭൂരിപക്ഷാഭിപ്രായത്തിന് വേണ്ടി കൈയൊഴിഞ്ഞിട്ടുണ്ട്. ന്യൂനപക്ഷാഭിപ്രായം ഭൂരിപക്ഷത്തിന്റെ മേൽ അടിച്ചേൽപിച്ചുകൂടാ. വിശ്വമാനവികതയാണ്, സാമുദായികതയല്ല ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മുഖമുദ്ര. മുജാഹിദുകൾ സാമുദായിക കൂട്ടായ്മകളിൽ ചേർന്നു പ്രവർത്തിക്കുകയും ആ ബലത്തിൽ അധികാരങ്ങൾ വരെ നേടിയെടുക്കുകയും ചെയ്യുന്നു. തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുമ്പോൾ പോലും സാമുദായികതക്കതീതമായി ചിന്തിക്കുന്ന സംഘടനയാണ് ജമാഅത്ത്.

മനുഷ്യരായ എല്ലാവർക്കും അംഗത്വം അനുവദിക്കുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അംഗത്വം പക്ഷേ, സംഘടനയുടെ ഭരണഘടന അംഗീകരിക്കുന്നവർക്ക് മാത്രമാണ്. ഭരണഘടനയാകട്ടെ കലിമത്തുത്തൗഹീദും ഇഖാമത്തുദ്ദീനും സമ്പൂർണാർഥത്തിൽ അംഗീകരിച്ച് തദനുസാരം ജീവിക്കാൻ തയാറുള്ളവർക്ക് മാത്രമായി അംഗത്വം പരിമിതപ്പെടുത്തിയിട്ടുമുണ്ട്.

ആദർശത്തിന്റെ വിശദീകരണത്തിൽ ഭരണഘടന രേഖപ്പെടുത്തിയതിങ്ങനെ:

1. അല്ലാഹുവെ അല്ലാതെ മറ്റാരെയും രക്ഷകർത്താവോ കൈകാര്യ കർത്താവോ ആവശ്യങ്ങൾ നിറവേറ്റുന്നവനോ

ബുദ്ധിമുട്ടുകൾ തീർക്കുന്നവനോ സങ്കടങ്ങൾ കേൾക്കുന്നവനോ സംരക്ഷിക്കുന്നവനോ സഹായിക്കുന്നവനോ ആയി ധരിക്കാതിരിക്കുക. കാരണം മറ്റാരുടെ പക്കലും യഥാർഥത്തിൽ യാതൊരു അധികാര ശക്തിയും ഇല്ലതന്നെ.

3. അല്ലാഹു അല്ലാതെ മറ്റാരെയും ആരാധിക്കാതിരിക്കുക. മറ്റാരുടെ പേരിലും നേർച്ച നേരാതിരിക്കുക. മറ്റാരുടെ മുമ്പിലും തല കുനിക്കാതിരിക്കുക. ചുരുക്കത്തിൽ ബഹുദൈവവിശ്വാസികൾ തങ്ങളുടെ ആരാധ്യരുമായി പുലർത്തിവരാറുള്ള യാതൊരു ഇടപാടും മറ്റുള്ളവരുമായി നടത്താതിരിക്കുക. കാരണം അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ.

മുഹമ്മദ് നബി(സ)യെ അല്ലാഹുവിന്റെ ദൂതനായി സാക്ഷ്യം വഹിക്കുന്നതിന്റെ വിശദീകരണത്തിൽ പറയുന്നു:

6. ദൈവദൂതനെയല്ലാതെ യാതൊരു മനുഷ്യനെയും സത്യത്തിന്റെ മാനദണ്ഡമാക്കാതിരിക്കുകയും മറ്റൊരാളെയും വിമർശനാതീതനായി ഗണിക്കാതിരിക്കുകയും യാതൊരാളുടെയും മാനസികാടിമത്തത്തിൽ കുടുങ്ങാതിരിക്കുകയും അല്ലാഹു നിശ്ചയിച്ച ഇതേ പരിപൂർണ മാനദണ്ഡം കൊണ്ട് ഒരോരുത്തരെയും പരിശോധിക്കുകയും അതനുസരിച്ച് ആര് ഏത് പദവിയിലാണോ അവരെ അതേ പദവിയിൽ വെക്കുകയും ചെയ്യുക.

ഇതൊക്കെ സമ്മതിക്കുന്ന ബറേൽവി ബറേൽവിയും ബഹായി ബഹായിയും ആയി അവശേഷിക്കുമോ എന്ന് സാമാന്യ ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ. ബറേൽവികൾക്ക് ഏതായാലും സംഗതി അറിയാം. അതു കൊണ്ടാണവർ ജമാഅത്തിനെ രൂക്ഷമായി എതിർക്കുന്നതും.

## ഏഴാംതരം സാമൂഹിക പാഠം

■ *'മതം അപകടത്തിൽ' എന്ന് പറഞ്ഞ് ഏഴാംതരം സാമൂഹികപാഠ പുസ്തകം തലയിലേറ്റി മുഖ്യമന്ത്രി അച്യുതാനന്ദന് നിവേദനം സമർപ്പിക്കാൻ പോയ സംഘത്തിൽ പെട്ട കടുത്ത മത പ്രതിബദ്ധതയുള്ള ചില മുസ്‌ലിം സംഘടനകളും സാംസ്കാരിക വിഭാഗങ്ങളും മതേതര രാഷ്ട്രീയ പ്രസ്ഥാനമായ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള രാഷ്ട്രീയ മുന്നണിയെ തെരഞ്ഞെടുപ്പിൽ തോൽപിക്കാൻ ശ്രമിച്ചവരാണ്. കമ്യൂണിസം ഈശ്വര വിരോധമാണ് എന്ന് നിങ്ങൾ മുമ്പ് പറഞ്ഞതോ എന്ന് ചൂണ്ടിക്കാട്ടിയവരോട് കമ്യൂണിസം മാറിയിരിക്കുന്നു എന്നായിരുന്നു ഇവരുടെ മറുപടി (മാതൃഭൂമി ദിനപത്രം- നേർക്കു നേർ പംക്തി, 2008 ജൂൺ 26). മുജീബിന്റെ പ്രതികരണം?*

***പി.വി ഉമ്മർ കോയ പന്നിയങ്കര***

മതേതര രാഷ്ട്രീയ പ്രസ്ഥാനമായ കോൺഗ്രസ് മതേതരത്വം കളഞ്ഞു കുളിച്ച് തീവ്ര ഹിന്ദുത്വത്തെ മൃദു ഹിന്ദുത്വം കൊണ്ട് നേരിടാൻ ശ്രമിക്കുകയും സാമ്രാജ്യത്വദാസ്യം നയമായി സ്വീകരിക്കുകയും ചെയ്തപ്പോഴാണ് രണ്ട് കാര്യത്തിലും കോൺഗ്രസ്സിനേക്കാൾ ശക്തമായ നിലപാടുകളുള്ള ഇടതുപക്ഷത്തെ പിന്താങ്ങിയത്. ആ നിലപാടിനെ തീർത്തും ശരിവെക്കുന്നു ഒടുവിലത്തെ രാഷ്ട്രീയ സംഭവവികാസങ്ങൾ. രംഗത്ത് ഹിന്ദുത്വവാദികളും കോൺഗ്രസ്സും മാത്രമായ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനെതന്നെയാണ് ഇസ്‌ലാമിക പ്രസ്ഥാനം പിന്താങ്ങിയതും. മതേതര കോൺഗ്രസ് ഭരണകൂടം ആവിഷ്കരിച്ചു നടപ്പാക്കിയ ദേശീയ പാഠ്യപദ്ധതിയുടെ ഭാഗം തന്നെയാണ് കേരളത്തിലെ വിവാദവിധേയമായ പാഠ്യപദ്ധതിയും. എന്നല്ല കോൺഗ്രസ് ഭരിക്കുന്ന പല സംസ്ഥാനങ്ങളിലെയും പാഠ്യപദ്ധതികൾ തനി ഹിന്ദുത്വത്തിൽ മുക്കിയെടുത്തതാണ്; ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുന്ന പാഠഭാഗങ്ങളും വേണ്ടത്ര.

ഇടതുമുന്നണി ഇതാദ്യമായല്ല കേരളത്തിൽ അധികാരത്തിൽ വരുന്നത്. അഞ്ചു തവണ ഭരിച്ചപ്പോഴും നടപ്പാക്കാത്ത പാഠ്യപദ്ധതി ഇത്തവണ മാത്രം നടപ്പാക്കുമെന്ന് ആരും മുൻകൂട്ടി കണ്ടതല്ല. അവരുടെ മാനിഫെസ്റ്റോയിൽ അതേപ്പറ്റി ഒരു സൂചന പോലും ഇല്ലായിരുന്നുതാനും. തെറ്റായ നിലപാടുകളും നടപടികളും കാണുമ്പോൾ തുറന്നെതിർക്കുന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആർജവം.

## സായുധ പ്രതിരോധക്കാരുടെ ജൽപനങ്ങൾ

■ *"പ്രബോധകനെന്നാൽ ഒരു നിർവികാര ജീവിയാണെന്ന സങ്കൽപം സ്വയം ഉണ്ടാക്കി. ഓരോ മുസ്‌ലിമും പ്രബോധകനാണ്. അയാൾക്ക് മറ്റു ചിന്തകളൊന്നും പാടില്ല. പ്രതിരോധത്തെക്കുറിച്ചു ചിന്തിക്കാൻ സമയമെവിടെ? അങ്ങനെ ചിന്തിച്ചാൽ പ്രബോധകന്റെ ഉന്നത വ്യക്തിത്വത്തിനു കോട്ടം തട്ടുകയില്ലേ? മുസ്‌ലിമെന്നാൽ പ്രബോധകൻ. പ്രബോധകനെന്നാൽ വെറും സാത്വികൻ. അയാളുടെ ചിന്തയിൽ ശത്രുവില്ല. പ്രതിരോധമില്ല. രൂപം കാണിച്ചു തന്നിട്ടില്ല. ഈ സമവാക്യം ഒന്നുകിൽ ശത്രുവിന്റെ സൃഷ്ടിയാണ്. അല്ലെങ്കിൽ ഒരു വിഡ്ഢിത്തം മാത്രമാണ്. മുസ്‌ലിം സമൂഹത്തിന്റെ ഭൗതികനിലനിൽപിനെ ബാധിക്കുന്ന കാര്യമായതിനാൽ ഈ സത്യം കണ്ടില്ലെന്നു നടിക്കാൻ വയ്യ.*

*ഇസ്‌ലാമിക ഭരണകൂടമില്ലെങ്കിൽ ശത്രുവിനെ പ്രതിരോധിക്കാൻ പാടില്ലായെന്ന മറ്റൊരു സിദ്ധാന്തവും പ്രതിലോമകാരികൾ മുന്നോട്ടു വെച്ചിരിക്കുന്നു....*

*..... മുസ്‌ലിം രാഷ്ട്രങ്ങൾ ഓരോന്നായി തകർക്കപ്പെടുകയും മുസ്‌ലിംകൾ വെറുമൊരു അസ്വസ്ഥ സമൂഹമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ സമയത്ത് ഇത്തരം വികല ചിന്തകൾക്ക് സിദ്ധാന്ത രൂപം നൽകി അവതരിപ്പിക്കുന്നത് ശത്രുവല്ലാതെ ആരാണ്? ഇത്തരം ശ്രമങ്ങൾ ആധുനിക ചരിത്രത്തിൽ മുമ്പും ഉണ്ടായിട്ടുണ്ട്. അതിന്റെ സന്താനമാണ് കള്ള പ്രവാചകൻ മിർസാ ഗുലാം ഖാദിയാനി."*

*ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാടിനെ വിമർശിച്ചുകൊണ്ട് തേജസിൽ (2008 ജൂൺ 16-30) വന്ന പരാമർശങ്ങളാണിത്. നിലവിലെ ഇന്ത്യൻ സാഹചര്യത്തിൽ ശത്രുക്കളുടെ ഒളിയമ്പുകൾ അവഗണിച്ച് വെറും സൈദ്ധാന്തിക വാദങ്ങളുമായി നിലകൊണ്ടാൽ ഭാവി അപകടത്തിലാകില്ലേ?*

***എം.എൻ മുഹമ്മദ് കാസിം കാഞ്ഞിരപ്പള്ളി***

പ്രബോധകൻ ആരാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാചകന്മാർ കാണിച്ചുതന്നിട്ടുമുണ്ട്. ആ ചിത്രം ഒരിക്കലും തോക്കും കഠാരയും ബോംബുമായി ക്രമസമാധാനത്തിന് ഭീഷണി ഉയർത്തുകയും കേസുകളിൽ പ്രതികളായാൽ അവിഹിത മാർഗേണ രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്ന വർഗീയവാദികളുടേതല്ല. ജനങ്ങളോട് ഗുണകാംക്ഷ പുലർത്തുകയും അവരെ സമാധാനപൂർവം യുക്തിഭദ്രമായി സത്യത്തിലേക്ക് ക്ഷണിക്കുകയും തിന്മയെ നന്മ കൊണ്ട് തടുക്കുകയും ക്ഷമ പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരുടേതാണ്. അവർ ഒരിക്കലും ശത്രുക്കളുടെ മുമ്പാകെ ഭീരുക്കളല്ല. എന്നാൽ സത്യമെന്തെന്ന് പോലും അറിയാത്തവരൊക്കെ അവരുടെ ശത്രുക്കളല്ല, പ്രബോധിതർ മാത്രമാണ്. സത്യം ബോധ്യപ്പെട്ടിട്ടും അംഗീകരിക്കാത്തവരും സത്യവിശ്വാസികളെ അകാരണമായി ദ്രോഹിക്കുന്നവരുമായ നിഷേധികളും ധിക്കാരികളുമാണ് ശത്രുക്കൾ. പരമാവധി ശത്രുക്കളെ സൃഷ്ടിക്കു

ന്നവരല്ല; ശത്രുക്കളുടെ എണ്ണം സദ്സഹ വാസത്തിലൂടെ പരമാവധി കുറക്കുന്നവരാണ് പ്രബോധകർ. അല്ലാഹുവിലോ റസൂലിലോ പരലോകത്തിലോ വിശ്വസിക്കാതെയും ഖുർആനും സുന്നത്തും പഠിക്കാതെയും അവിശ്വാസികളോ അന്ധവിശ്വാസികളോ കുറ്റവാളികളോ ആയി ജീവിക്കുന്നവരെയൊക്കെ സമുദായത്തിന്റെ മേൽവിലാസത്തിൽ തട്ടിക്കൂട്ടി അവരുടെ കൊള്ളരുതായ്മകളെ മറച്ചുപിടിച്ചും വെള്ളപൂശിയും അവർക്കു വേണ്ടി ആയുധമെടുക്കാൻ അല്ലാഹുവോ റസൂലോ പഠിപ്പിച്ചിട്ടില്ല. സമുദായ സംസ്കരണവും പൊതുസമൂഹത്തിന്റെ പ്രബോധനവും ഒപ്പത്തിനൊപ്പം കൊണ്ടു നടക്കുകയും, ഫാഷിസത്തിന് തടയിടാൻ വ്യവസ്ഥാപിതമായ നടപടികൾ സ്വീകരിക്കുകയുമാണ് ഇസ്ലാമിക സംഘടനകൾക്ക് ചെയ്യാനുള്ളത്. ■